## മക്ക സ്റ്റാൻഡേർഡ് സമയം

# ക്ലോക്ക് ടവർ പണി പൂർത്തിയായി



**മക്ക** കേന്ദ്രമായുള്ള സ്റ്റാൻഡേർഡ് സമയത്തിന് അവലംബിക്കാവുന്ന മക്ക ക്ലോക്ക് ടവറിന്റെ പണി പൂർത്തിയായി. ക്ലോക്കിന് മുകളിലുള്ള സ്വർണ ചന്ദ്രക്കല ഘടിപ്പിക്കലാണ് അവസാന ഘട്ടത്തിൽ നടന്നത്. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ വാച്ച് കേന്ദ്രീകരിച്ച് ഗ്രീനിച്ച് സമയത്തിന് സമാന്തരമായി മക്ക സമയം അവലംബിക്കാവുന്നതാണെന്ന് മക്ക റോയൽ വാച്ച് ടവർ ഹോട്ടൽ മേധാവി മുഹമ്മദ് അൽഅർകൂബി പറഞ്ഞു.

പരിശുദ്ധ ഹറമിനടുത്ത് പണിപൂർത്തിയായി വരുന്ന കിംഗ് അബ്ദുൽ അസീസ് വഖ്ഫ് പ്രൊജക്ടിന്റെ ഭാഗമായി നിർമിച്ച ടവറിന്റെ ഉച്ചിയിൽ 601 മീറ്റർ ഉയരത്തിലുള്ള വാച്ചിന്റെ വിവിധ പാർട്സുകൾ(ഭാഗങ്ങൾ) ഘടിപ്പിക്കൽ മാസങ്ങളെടുത്താണ് പൂർത്തിയാക്കിയത്.

കഴിഞ്ഞ റമദാനിൽ പ്രവർത്തനമാരംഭിച്ച ക്ലോക്കിനെ അടിസ്ഥാനമാക്കി ഭൂമിയുടെ കരഭാഗത്തിന്റെ മധ്യത്തിലുള്ള മക്ക നഗരത്തെ അടിസ്ഥാനമാക്കി സ്റ്റാൻഡേർഡ് സമയവും നിർണയിക്കാനാവും. നമസ്കാര സമയം അറിയിച്ചുകൊണ്ട് 30 കി.മീ. അകലെ നിന്ന് കാണാവുന്ന ലേസർ പ്രകാശരശ്മികളുടെ സ്ഫുരണവും മണിമുഴക്കവും ഇതോടെ പ്രവർത്തനമാരംഭിക്കും.

വാച്ചിന്റെ താഴ്ഭാഗത്തുനിന്ന് ചന്ദ്രക്കല ഉൾപ്പെടെയുള്ള ഉയരം 251 മീറ്ററാണ്. 45 മീറ്റർ വ്യാസമുള്ള വാച്ചിന്റെ ശബ്ദം ഏഴ് കി.മീറ്റർ ദൂരത്തേക്ക് കേൾക്കാനാവും. അതിലും കൂടുതൽ ദൂരത്തുനിന്ന് തന്നെ സന്ദർശകർക്ക് വാച്ച് കാണാനാവും. ലേസർ രശ്മകൾ കൊണ്ട് പ്രവർത്തിക്കുന്ന വാച്ചിന്റെ പച്ച, വെള്ള, കറുപ്പ് എന്നീ നിറങ്ങളിലുള്ള പ്രതലത്തിൽ നിന്ന് നമസ്കാര സമയം അറിയിക്കുന്നതിനും പെരുന്നാൾ പോലുള്ള സന്ദർഭങ്ങളിലും പ്രത്യേക രശ്മികൾ പ്രകടമാവും. മഴ, കാറ്റ്, പൊടിപടലങ്ങൾ എന്നിവ കാരണമായുണ്ടാകുന്ന പ്രതികൂല കാലാവസ്ഥയെ നേരിടാൻ ജർമൻ നിർമിത വാച്ചിന് സാധിക്കും.

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ രണ്ടാമത്തെ ടവറാണ് മക്ക കെട്ടിട സമുച്ചയത്തിൽ പണിപൂർത്തിയായത്. 817 മീറ്ററാണ് മക്ക ടവറിൻെറ ഉയരം. ഒന്നാം സ്ഥാനത്തുള്ള ബുർജ് ദുബൈക്ക് 828 മീറ്റർ ഉയരമാണുള്ളത്. 45 മീറ്റർ ഉയരവും 43 മീറ്റർ വീതിയുമുള്ള വാച്ച് ലോകത്തിലെ ഏറ്റവും വലിയ വാച്ചായിരിക്കും. ലണ്ടൻ ടവറിലുള്ള ബിഗ് ബൻ വാച്ചിന്റെ ആറിരട്ടി വലുപ്പമാണ് മക്ക ടവർ വാച്ചിനുള്ളത്.


■ *മക്ക ടവർ ക്ലോക്ക്*

# ശൈഖ് റാഇദ് സലാഹ് മോചിതനായി

**ലണ്ടൻ** സുരക്ഷാ വിഭാഗം രണ്ടാഴ്ച മുമ്പ് അറസ്റ്റ് ചെയ്തിരുന്ന ഫലസ്തീൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നേതാവ് ശൈഖ് റാഇദ് സലാഹ് 20,000 പൗണ്ട് ജാമ്യത്തിൽ മോചിതനായി. ശൈഖിന്റെ നീക്കങ്ങൾ നിരീക്ഷിക്കുന്നതിന് ഇലക്ട്രോണിക് വള അണിഞ്ഞിരിക്കണമെന്നും നിർദേശമുണ്ട്.

ജൂത ലോബി നൽകിയ സത്യവിരുദ്ധമായ വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് ശൈഖിനെ അറസ്റ്റ് ചെയ്തത്. ഫലസ്തീൻ ജനതക്ക് വേണ്ടി സ്തുത്യർഹമായ സേവനങ്ങളർപ്പിച്ച ശൈഖ് റാഇദ് ബ്രിട്ടന് ഭീഷണിയല്ലെന്നുള്ള സത്യം ജഡ്ജിക്ക് ബോധ്യമായിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ വക്കീൽ വ്യക്തമാക്കി.

നിയമാനുസൃത വിസ ഉപയോഗിച്ച് ലണ്ടനിലെ ചില പരിപാടികളിൽ പങ്കെടുക്കാനെത്തിയ ശൈഖ് റാഇദിന്റെ അറസ്റ്റിനെത്തുടർന്ന് ലണ്ടൻ നഗരത്തിൽ വ്യാപകമായ പ്രതിഷേധ പ്രകടനങ്ങൾ നടന്നിരുന്നു. 1958ൽ ഫലസ്തീനിലെ ഉമ്മുൽ ഫഹ്മിൽ ജനിച്ച ശൈഖ് റാഇദ് ഇതേ മണ്ഡലത്തിൽ നിന്ന് മൂന്ന്തവണ തദ്ദേശ ഭരണ സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഫലസ്തീൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന ശൈഖ് റാഇദ് അൽഖലീൽ സർവകലാശാലയിൽ നിന്നാണ് ഇസ്‌ലാമിക ശരീഅത്തിൽ ബിരുദമെടുത്തത്.



■ *ശൈഖ് റാഇദ് സലാഹ്*

## അനന്തരാവകാശ വിഹിതം നിർണയിക്കാൻ വെബ്സൈറ്റ്

**ഇസ്‌ലാമിക** ശരീഅത്ത് പ്രകാരമുള്ള അനന്തരാവകാശ വിഹിതം നിർണയിക്കാൻ സഹായകമാവുന്ന വെബ്സൈറ്റ് പ്രവർത്തനമാരംഭിച്ചു. സുഊദി നീതിന്യായ മന്ത്രാലയത്തിന്റെ www.moj.gov.sa എന്ന സൈറ്റിലാണ് ഇതിനായി പ്രത്യേക ലിങ്ക് നൽകിയിരിക്കുന്നത്. സൂക്ഷ്മവും നീതിപരവുമായ വീതംവെപ്പിന് അവലംബിക്കാവുന്ന സൈറ്റ് ഈ വിഷയത്തിലെ ആധികാരിക വിധിതീർപ്പോ നിർബന്ധമായും പിന്തുടരേണ്ട സ്രോതസ്സോ അല്ലെന്നും ശരീഅത്ത് വിധി അന്വേഷിക്കുന്നവർക്കുള്ള സഹായി മാത്രമാണെന്നും മന്ത്രാലയ വൃത്തങ്ങൾ വ്യക്തമാക്കി. അനന്തരാവകാശ നിയമങ്ങൾ തേടി മന്ത്രാലയത്തിലേക്ക് വിളിക്കുകയും വിവിധ ശാഖകളെ സമീപിക്കുകയും ചെയ്യുന്നവരുടെ ആധിക്യം കണക്കിലെടുത്താണ് ഇത്തരത്തിലൊരു സൈറ്റ് ആരംഭിച്ചിരിക്കുന്നത്.

മരണപ്പെട്ടയാളുടെ വിവരങ്ങൾ, സ്വത്ത്വഹകൾ എന്നിവ നൽകിയാൽ അതുമായി ബന്ധപ്പെട്ട വിഹിതവും ഓരോ അവകാശിക്കും ലഭിക്കേണ്ട ശതമാനവുമാണ് സൈറ്റിൽ കാണിക്കുക. സങ്കീർണമായ വിഷയത്തിൽ വിധി പറയുന്നതിന് മരണപ്പെട്ട വ്യക്തിയുടെ ലിംഗം, ഭാര്യാ-സന്താനങ്ങൾ, മാതാപിതാക്കൾ, മറ്റു ബന്ധുക്കൾ എന്നിവയുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾക്ക് സൈറ്റിൽ കൃത്യമായി മറുപടി നൽകിയിരിക്കണം. പല ചോദ്യങ്ങളും ഉപചോദ്യങ്ങൾ കൂടി ഉൾപ്പെടുന്നതാണ്.

## വ്യക്തിജീവിതത്തിലെ മതത്തിലും ഫ്രാൻസ് ഇടപെടുന്നു

മത ചിഹ്നങ്ങൾ വ്യക്തിജീവിതത്തിൽ പാലിക്കുന്നത് സാമൂഹികതാൽപര്യത്തിന് വിരുദ്ധമാണെങ്കിൽ അത്തരം പ്രവണത നിയമംമൂലം നിരോധിക്കാനാണ് ഫ്രാൻസ് ആഭ്യന്തര മന്ത്രാലയത്തിന്റെ അടുത്ത നീക്കം. 'സെക്യുലരിസത്തിന്റെ സംരക്ഷണം' എന്നാണ് ഇതിന് ഫ്രാൻസ് പേർ നൽകിയിരിക്കുന്നത്.

പൊതുനിരത്തുകൾക്കടുത്ത് തുറന്ന സ്ഥലത്തുവെച്ച് നമസ്കാരം നിർവഹിക്കൽ, ചികിത്സക്കുള്ള ഡോക്ടർ പുരുഷനോ സ്ത്രീയോ എന്ന് തെരഞ്ഞെടുക്കൽ, പ്രസവ മുറിയിൽ പുരുഷ ഡോക്ടറുടെ സാന്നിധ്യം ഇഷ്ടപ്പെടാതിരിക്കൽ, സ്ത്രീ-പുരുഷന്മാർ കൂടിക്കലർന്നുള്ള ഭക്ഷണശാലകളിൽ നിന്ന് ഭക്ഷണം കഴിക്കാതിരിക്കൽ എന്നിവ സെക്യുലരിസത്തിന് വിരുദ്ധമായാണ് വിലയിരുത്തുക. കത്തോലിക്കരായ ക്രിസ്ത്യാനികളുടെ താൽപര്യമനുസരിച്ച് ആഴ്ചയിലെ ചില പ്രത്യേക ദിവസങ്ങളിൽ മത്സ്യഭക്ഷണം കഴിക്കുന്നതും ഭരണകൂടം ഈ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ജയിൽ, ആശുപത്രി തുടങ്ങിയ സ്ഥലങ്ങളിൽ പ്രത്യേക മതനിബന്ധനകളോ താൽപര്യമോ ഉള്ള ഭക്ഷണം നൽകേണ്ടതില്ലെന്നും നിർദേശമുണ്ട്. ഹലാലായ രീതിയിൽ അറുത്ത മാംസം എന്ന വകതിരിവും പാടില്ല. ആശുപത്രികളിൽ സ്വകാര്യജീവിതത്തിലെ മതനിഷ്ഠ അനുവദിക്കുമെങ്കിലും സമൂഹവികാരത്തിന് എതിരാവരുത്.